"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കൊച്ചി കോർപ്പറേഷൻ - ഫോർട്ട് കൊച്ചി സോണൽ ഓഫീസിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിലെ ക്രമക്കേട് - അസി.എഞ്ചിനിയറായിരുന്ന ശ്രീ.സന്തോഷ് സി.ജി.(പെൻ-457028)-യ്ക്കെതിരായ അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2052/2025/LSGD തീയതി,തിരുവനന്തപുരം, 18-08-2025

---

പരാമർശം:-

1. വിജിലൻസ് (F) വകുപ്പിൽ നിന്നുള്ള 06.01.2023 ലെ വിജി-F2/499/2022-വിജി നമ്പർ കുറിപ്പ്.
2. വിജിലൻസ് ഡയറക്ടറുടെ 30.11.22 ലെ E9(SC 25/2022/CRE) 16282/2022 നമ്പർ റിപ്പോർട്ട്.
3. 17.02.23 ലെ 13/EWA3/23/LSGD നമ്പർ കുറ്റപത്രവും /കുറ്റാരോപണ പത്രികയും.
4. അസി.എഞ്ചിനിയർ ശ്രീ.സന്തോഷ് സി.ജി. സമർപ്പിച്ച 18.9.2023 ലെ എതിർവാദ പത്രിക.
5. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.01.24 ലെ LSGD/PD/1694/2024-VIG C4 നമ്പർ അഭിപ്രായ കുറിപ്പ്.

**<u>ഉത്തരവ്</u>**

എറണാകുളം തോപ്പുംപടി വില്ലേജിൽ അനധികൃത കെട്ടിടനിർമ്മാണം നടത്തുന്നതായി ആരോപിച്ച് ശ്രീ.നിസാർ കെ.എ. സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ്, എറണാകുളം യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിയ മിന്നൽപരിശോധനയിൽ താഴെപ്പറയുന്ന ക്രമക്കേട് കണ്ടെത്തിയിരുന്നു.

ശ്രീ.സമദിന് ഫോർട്ട്കൊച്ചി സോണൽഓഫീസിൽ നിന്നും FCP2/353/21 എന്ന ഫയലിൽ 09.11.2021 തീയതി ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച് നൽകിയിരുന്നുവെങ്കിലും പിന്നീട് റദ്ദുചെയ്ത ബിൽഡിംഗ് പെർമിറ്റ് KMBR പ്രകാരം നിയമലംഘനം ഉള്ളതായും റൂൾ 26(4) പ്രകാരം 7 മീറ്റർ വരെ ഉയരമുള്ള വാസഗൃഹങ്ങൾക്ക് രണ്ടു സൈഡിലെ സ്ഥലം ഉടമകളുടെ രേഖാമൂലമുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ അവിടെ സെറ്റ്ബാക്കുകൾ ഒഴിവാക്കി കെട്ടിടം പണിയാം എന്നു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവിടെ ആദ്യപെർമിറ്റ് അനുവദിച്ച 09.11.2021-ൽ തെക്കെ അതിരിലുള്ള ശ്രീ.അസ്സിസിന്റെ സമ്മതപത്രം ഉണ്ടായിരുന്നില്ലയെന്നും; കൂടാതെ കെട്ടിടത്തിന്റെ ആകെ ഉയരം പ്ലാൻ പ്രകാരം 9.75 മീറ്റർ ആണെന്നും

പരിശോധിക്കാതെയാണ് അപേക്ഷ കിട്ടിയ അന്നുതന്നെ ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ.നന്ദകുമാറിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ അസ്സി.എഞ്ചിനിയർ ശ്രീ.സന്തോഷ് സി ജി പെർമിറ്റ് അനുവദിച്ചതെന്നും പിന്നീട് പരാതി വന്നപ്പോഴാണ് രണ്ടാമത്തെ കൺസന്റ് വാങ്ങുകയും റിവൈസ്ഡ് പ്ലാൻ സമർപ്പിച്ച് കെട്ടിടത്തിന്റെ ഉയരം കുറച്ച് മുകളിൽ സ്റ്റെയർ റൂമായും സ്റ്റെയർ കേസ് ഉള്ളിൽനിന്നും ആക്കി മാറ്റി റിവൈസ്ഡ് പെർമിറ്റ് അനുവദിച്ചതെന്നും പെർമിറ്റിനുള്ള അപേക്ഷയോടൊപ്പം കോർപ്പറേഷൻ ഓഫീസിൽ അപേക്ഷകനായ ശ്രീ.സമദ് സമർപ്പിച്ച വടക്കെ അതിരിലെ സ്ഥലമുടമ ശ്രീ.അബ്ദുവിന്റെ സമ്മതപത്രത്തിലെ രണ്ടും മൂന്നും മുദ്രപത്രങ്ങൾ വാങ്ങിയത് 22.07.2020 ലും എന്നാൽ ടി മുദ്രപത്രങ്ങൾ സാക്ഷ്യപ്പെടുത്തിയ നോട്ടറി ഒപ്പിട്ടിരിക്കുന്നത് മുൻ തീയതിയായ 03.07.2020 ലാണെന്നും പരാതിക്കാരന്റെ പിതാവിനെ തെറ്റിദ്ധരിപ്പിച്ച് സമ്മതപത്രത്തിൽ ഒപ്പിടുവിച്ചതാണെന്ന പരാതിക്കാരന്റെ ആരോപണവും പരിഗണിക്കുമ്പോൾ ഈ സമ്മതപത്രങ്ങൾ, കോർപ്പറേഷൻ ഉദ്യോഗസ്ഥരെ തെറ്റിദ്ധരിപ്പിക്കുവാൻ അപേക്ഷകൻ വ്യാജമായി നിർമ്മിച്ചതാണെന്ന വിജിലൻസ് കണ്ടെത്തിയിരുന്നു.

വിജിലൻസ് ശുപാർശയിൻ മേൽ KMBR Rule 26 പ്രകാരം ആവശ്യമായ സെറ്റ് ബാക്കുകൾ നൽകാതെ സമർപ്പിച്ച പ്ലാനിൽ ശരിയായ സ്ഥലപരിശോധന നടത്താതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച അസി.എഞ്ചിനിയർ ശ്രീ. സന്തോഷിനെതിരെ KCS (CC&A) ചട്ടം 16 പ്രകാരം നടപടി ആരംഭിക്കുകയും കുറ്റപത്രവും കുറ്റാരോപണ പത്രികയും ലഭ്യമാക്കുകയും ചെയ്തിരുന്നു.

അസി.എഞ്ചിനിയർ ശ്രീ.സന്തോഷ് സി ജി സമർപ്പിച്ച പ്രതിവാദപത്രിക താഴെപ്പറയും പ്രകാരമാണ്.

ഫോർട്ടുകൊച്ചി മേഖല കാര്യാലയത്തിൽ ശ്രീ.എ.കെ സമദ്, ശ്രീമതി ആബിദ സമദ്, ശ്രീമതി ഹിബ കെ സമദ് എന്നിവർ FCP2/353/21 ആയി 09.11.2021 ൽ ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ബിൽഡിംഗ് ഇൻസ്പെക്ടർ സ്ഥലപരിശോധന നടത്തി, ടി നിർമ്മാണം കെ എം ബി ആർ ന് വിധേയമാണെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതെന്നും ടി സ്ഥലത്തിന്റെ വടക്ക് ഭാഗത്ത് ചേർത്ത് പണിയുന്നതിന് സമീപവാസിയായ ശ്രീ.അബ്ദു.കെ.കെ നൽകിയ കൺസെന്റ് നോട്ടറി അറ്റസ്റ്റ് ചെയ്ത സ്റ്റാമ്പ് പേപ്പർ ഹാജരാക്കിയിരുന്നുവെന്നും കൺസെന്റ് നൽകിയ ഭാഗത്ത് കെട്ടിടത്തിന്റെ ഉയരം 7 മീറ്റർ മാത്രമാണ് ഡ്രോയിംഗിൽ കാണിച്ചിരുന്നതെന്നും അതിന്റെ ഏതിർഭാഗത്താണ് അധികമായി ഒരു റൂം പ്ലാനിൽ കാണിച്ചിരിക്കുന്നതെന്നും ആ ഭാഗത്ത് നിയമപരമായ അകലം പാലിച്ചിട്ടുണ്ടെന്നും പെർമിറ്റ് പ്ലാൻ പ്രകാരം തെക്കേ അതിരിൽ കെ എം ബി ആർ പ്രകാരം അകലം പാലിച്ചാണ് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതെന്നും ആയതിനാൽ തെക്കേ അതിരിൽ ശ്രീ.അസീസ് എന്നയാളുടെ കൺസെന്റ് ആവശ്യം ഉണ്ടായിരുന്നില്ലയെന്നും അറിയിച്ചിരുന്നു. ടി നിർമ്മാണത്തിൽ ലംഘനം ഉണ്ടെന്നും കൺസെന്റ് വ്യാജമാണെന്നും കാണിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 17.03.2023 ൽ ബിൽഡിംഗ് ഇൻസ്പെക്ടർ സ്ഥലപരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെ എം ബി ആർ റൂൾ 16 പ്രകാരം ബിൽഡിംഗ് പെർമിറ്റ് റദ്ദാക്കുകയും ചെയ്തിട്ടുണ്ടെന്നും ടിയാൻ അറിയിച്ചിരുന്നു.

GO(Rt) No.2272/2020/LSGD dated 03.12.2020, ഉത്തരവിലെ ഖണ്ഡിക (4) പ്രകാരം ടി കെട്ടിടം Low Risk Category യിൽ വരുന്നതും ആയതിന്റെ ഉത്തരവാദിത്വം ബിൽഡിംഗ് ഇൻസ്പെക്ടർക്ക് ആണെന്നും LSGD (RA) Dept No.3665/RA/1/09 LSGD 27.06.2010 ഉത്തരവ്

para (6) പ്രകാരം സ്ഥല പരിശോധന നടത്തുന്ന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചട്ടം ലംഘിച്ച് നിർമ്മാണാനുമതി നൽകുന്ന പക്ഷം അതിന്റെ പൂർണ്ണ ഉത്തരവാദിത്വം നേരിട്ടു പരിശോധിച്ച ഉദ്യോഗസ്ഥനു മാത്രമായിരിക്കുമെന്നും അനുമതിയുടെ കാര്യത്തിൽ കീഴുദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ 20% കുറയാതെ നേരിട്ടു പരിശോധന നടത്തി അനുമതി നൽകേണ്ടതാണെന്നും ടിയാൻ അറിയിക്കുന്നു. ബിൽഡിംഗ് ഇൻസ്പെക്ടർ സ്ഥലപരിശോധന നടത്തി,റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലും ചെറിയ തറ വിസ്തീർണ്ണം വരുന്ന താമസ കെട്ടിടനിർമ്മാണമെന്നതിനാലും അനുമതി നൽകുകയാണുണ്ടായതെന്നും നൂറുകണക്കിനു വീടുകളുടെ നിർമ്മാണം നടക്കുന്ന സാഹചര്യമായതിനാൽ മറ്റു നിരവധി ചുമതലകൾക്കിടയിൽ ഫയലിലെ അപാകത ശ്രദ്ധയിൽപ്പെട്ടില്ലയെന്നും പരാതി ലഭിച്ചയുടനെ തുടർനടപടി സ്വീകരിച്ചിട്ടുള്ളതുമാണെന്നും ആയതിലുണ്ടായ മനപ്പൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കണമെന്നും ടിയാൻ അറിയിച്ചിരുന്നു.

അസി.എഞ്ചിനിയർ ശ്രീ.സന്തോഷ് സി ജി സമർപ്പിച്ച പ്രതിവാദപത്രികയിന്മേലുള്ള തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ കുറിപ്പ് താഴെപ്പറയും പ്രകാരമാണ്.

സമർപ്പിച്ചിരിക്കുന്ന പ്ലാൻ കെഎംബിആറിന് വിധേയമാണോ എന്ന് യഥാവിധി പരിശോധിക്കാതെ ബിൽഡിംഗ് ഇൻസ്പെക്ടറുടെ സ്ഥല പരിശോധന റിപ്പോർട്ട് മാത്രം പരിഗണിച്ച് കെഎംബിആർ ലംഘനമുള്ള നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചതു വഴി കൊച്ചി കോർപ്പറേഷൻ ഫോർട്ട് കൊച്ചി സോണൽ ഓഫീസ് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.സന്തോഷ് തന്റെ ജോലിയിൽ വീഴ്ച വരുത്തിയതായി തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

വിജിലൻസ് റിപ്പോർട്ട്,അസി.എഞ്ചിനിയർ ശ്രീ.സന്തോഷ് സമർപ്പിച്ച പ്രതിവാദപത്രിക, പ്രതിവാദപത്രികയിന്മേലുള്ള തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ കുറിപ്പ് എന്നിവ പരിശോധിക്കുമ്പോൾ താഴെപ്പറയുന്നവ വെളിവാകുന്നു.

KMBR Rule 26 പ്രകാരം ആവശ്യമായ സെറ്റ് ബാക്കുകൾ നൽകാതെ സമർപ്പിച്ച പ്ലാനിൽ ശരിയായ സ്ഥലപരിശോധന നടത്താതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച അസി.എഞ്ചിനിയർ ശ്രീ. സന്തോഷ് നെതിരെ ആരോപിക്കപ്പെട്ട കുറ്റം. ഔദ്യോഗിക തിരക്കുകാരണമാണ് ഇപ്രകാരം സ്ഥല പരിശോധന നടത്താൻ സാധിച്ചില്ല എന്നത് ഒരു പരിധി വരെ അംഗീകരിക്കാവുന്നതാണെങ്കിലും ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പ് അദ്ദേഹം പ്രാഥമികമായി ചെയ്യേണ്ടിയിരുന്നതായ പരിശോധന (സമർപ്പിക്കപ്പെട്ട പ്ലാൻ KMBR നു വിധേയമാണോ) നടത്തിയില്ലയെന്നതാണ് അദ്ദേഹത്തിന്റെ വീഴ്ച. ആയത് ടിയാൻ പ്രതിവാദപത്രികയിൽ അംഗീകരിക്കുന്നുണ്ട്. ടി നിർമ്മാണത്തിന്മേൽ പരാതി ലഭിച്ചതിന് ശേഷമാണ് മേൽപറഞ്ഞ പെർമിറ്റ് റദ്ദാക്കിയിട്ടുള്ളത്. പരാതി ലഭിക്കാതെയും അന്വേഷണം നടക്കാതെയും ഇരുന്നെങ്കിൽ ടിയാന്റെ ഭാഗത്തുള്ള വീഴ്ചകൾ ഒരിക്കലും ശ്രദ്ധിക്കപ്പെടില്ലായിരുന്നു. ആയതിനാൽ അദ്ദേഹത്തിന്റെ മേൽപറഞ്ഞ വാദം അംഗീകരിക്കാൻ സാധിക്കുകയില്ല. കൂടാതെ അസി.എഞ്ചിനിയർ ശ്രീ.സന്തോഷിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായതായി പ്രിൻസിപ്പൽ ഡയറക്ടറും അറിയിക്കുന്നുണ്ട്.ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്ന സമയത്തു പുലർത്തേണ്ട സൂക്ഷ്മതയും ഉത്തരവാദിത്തവും ശ്രദ്ധയും അസി.എഞ്ചിനിയർ ശ്രീ.സന്തോഷിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ലയെന്നും,വളരെ ലാഘവത്തോടെ,പരിശോധന കൂടാതെയാണ് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാണ്.

മേൽ സാഹചര്യത്തിൽ, KMBR Rule 26 പ്രകാരം ആവശ്യമായ സെറ്റ്ബാക്കുകൾ നൽകാതെ സമർപ്പിച്ച പ്ലാനിൽ ശരിയായ സ്ഥലപരിശോധന നടത്താതെ ബിൽഡിംഗ്

പെർമിറ്റ് അനുവദിച്ചതിന് ഉത്തരവാദിയായ കൊച്ചികോർപ്പറേഷൻ ഫോർട്ടുകൊച്ചിമേഖല അസി.എഞ്ചിനിയറായിരുന്ന ശ്രീ. സന്തോഷ് സി.ജി. (പെൻ-457028)-യ്ക്കെതിരായി **KCS (CC&A) Rules 1960-ലെ Rule 16 പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് അതേ ചട്ടങ്ങളിലെ ചട്ടം 11(1)(iii) പ്രകാരം സഞ്ചിതഫലമില്ലാതെ ഒരുവർഷത്തേയ്ക്ക് തടയുക എന്ന ശിക്ഷനൽകി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1 ശ്രീ.സന്തോഷ് സി.ജി.(പെൻ.457028), അസിസ്റ്റന്റ് എഞ്ചിനിയർ, കുമ്പളം ഗ്രാമ പഞ്ചായത്ത് (തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
3. വിജിലൻസ് (F) വകുപ്പ് (06.01.2023 ലെ വിജി-F2/499/2022-വിജി നമ്പർ കുറിപ്പ് പ്രകാരം)
4.വിജിലൻസ് ഡയറക്ടർ, തിരുവനന്തപുരം (30.11.22 ലെ E9(SC 25/2022/CRE) 16282/2022 നമ്പർ കത്ത് പ്രകാരം)
5. തദ്ദേശ സ്വയം ഭരണ (EWB) വകുപ്പ്(DPC ലിസ്റ്റ് സംബന്ധിച്ച നടപടിയ്ക്കായി)
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്(EWA3/13/2023-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Asha. R
Date: 18-08-2025 11:13:15
സെക്ഷൻ ഓഫീസർ